"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

നം.ആർ.സി.2/315/2021/തസ്വഭവ
തദ്ദേശ സ്വയം ഭരണ (ആർ.സി)വകുപ്പ്
തിരുവനന്തപുരം
തീയതി: 06/05/2022

**സർക്കുലർ**

വിഷയം: തസ്വഭവ - സംസ്ഥാനത്തെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങളും തോരണങ്ങളും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി WP(C)No.22750/2018, WP(C)No.25784/2018, WP(C)No.42574/2018 & WP(C)No.27642/2021 എന്നീ റിട്ട് ഹർജികളിൽ 22.03.2022 തീയതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശം - സംബന്ധിച്ച്.

സൂചന : 1) WP(C) 1671/2021 നമ്പർ ഹർജിയിന്മേൽ 02.12.2021 തീയതിയിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
2) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20.03.2022 ൽ കൂടിയ സർവ്വകക്ഷിയോഗ തീരുമാനം.
3) WP(C)No.22750/2018, WP(C)No.25784/2018, WP(C)No. 42574/2018 & WP(C)No.27642/2021 എന്നീ റിട്ട് ഹർജികളിന്മേൽ 22.03.2022 തീയതിയിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

**********************************

സംസ്ഥാനത്തെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങളും തോരണങ്ങളും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സൂചന(1) പ്രകാരം ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഇക്കാര്യം സംബന്ധിച്ച് ഒരു നയം രൂപീകരിച്ച് അറിയിക്കുവാൻ സംസ്ഥാന സർക്കാരിന് ബഹു.ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20.03.2022 ൽ ഒരു സർവ്വകക്ഷിയോഗം ചേരുകയും, രാജ്യത്ത് സാമൂഹ്യവും, രാഷ്ട്രീയവും മതപരവുമായി ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങളുടെ സംരക്ഷണത്തിന് കൊടിമരങ്ങളും തോരണങ്ങളും സ്ഥാപിക്കുന്നത് ആവശ്യമാണെന്ന നിലപാട് വിവിധ രാഷ്ട്രീയ കക്ഷികൾ സ്വീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ, ഈ വിഷയത്തിൽ ഒരു പൊതു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിന് സർവ്വകക്ഷിയോഗത്തിൽ ധാരണയായി.

അതേസമയം സംസ്ഥാനത്തെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന മുഴുവൻ കൊടിമരങ്ങളും തോരണങ്ങളും അടിയന്തിരമായി നീക്കം ചെയ്ത് ആയതിന്റെ നടപടി റിപ്പോർട്ട് ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകികൊണ്ട് സൂചന(3)പ്രകാരം ബഹു.ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ പാതയോരങ്ങളിൽ കൊടിമരങ്ങളും തോരണങ്ങളും നീക്കം ചെയ്യുന്നത്/സ്ഥാപിക്കുന്നത് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തിര പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്ത് സ്വകാര്യ മതിലുകളിലും കോമ്പൗണ്ടുകളിലും ഉടമസ്ഥന്റെ അനുവാദത്തോടുകൂടി കൊടിമരങ്ങളും തോരണങ്ങളും ഗതാഗതത്തെ ബാധിക്കാത്ത

രീതിയിൽ സ്ഥാപിക്കുവാൻ അനുമതി നൽകാവുന്നതാണ്.

2. സമ്മേളനങ്ങൾ, ഉത്സവങ്ങൾ എന്നിവയോടനുബന്ധിച്ച് പാതയോരങ്ങളിൽ മാർഗ്ഗതടസ്സമുണ്ടാക്കാതെ ഒരു നിശ്ചിത സമയ പരിധി നിശ്ചയിച്ചുകൊണ്ട് കൊടിമരങ്ങളും തോരണങ്ങളും സ്ഥാപിക്കുവാൻ അനുമതി നൽകാവുന്നതാണ്.
3. പൊതു ഇടങ്ങളിൽ ഗതാഗതത്തിനും കാൽനടയ്ക്കും തടസ്സമുണ്ടാകുന്ന രീതിയിൽ കൊടിമരങ്ങളും തോരണങ്ങളും പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ അനുവദിക്കുന്നതല്ല
4. ഇപ്രകാരം ഗതാഗത്തിനും കാൽനടയ്ക്കും തടസ്സമുണ്ടാകുന്ന രീതിയിൽ കൊടിമരങ്ങളും തോരണങ്ങളും പരസ്യങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ അടിയന്തരമായി ആയവ നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.
5. കൊടിമരങ്ങളും തോരണങ്ങളും പരസ്യങ്ങളും സ്ഥാപിക്കുന്നതിന് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാരിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.
6. കൊടിമരങ്ങളും തോരണങ്ങളും പരസ്യങ്ങളും സ്ഥാപിക്കുന്നതും നീക്കം ചെയ്യുന്നതും സംബന്ധിച്ച് രാഷ്ട്രീയ-സാമുദായിക സ്പർദ്ധ ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.
7. കൊടിമരങ്ങളും തോരണങ്ങളും പരസ്യങ്ങളും സ്ഥാപിക്കുന്നതും നീക്കം ചെയ്യുന്നതും സംബന്ധിച്ച് എന്തെങ്കിലും തർക്ക വിഷയങ്ങൾ ഉടലെടുക്കുകയാണെങ്കിൽ ആയവ പരിഹരിക്കുന്നതിന് ആവശ്യാനുസൃതം ജില്ലാ കളക്ടറുടെയും ജില്ലാ പോലീസ് മേധാവിയുടെയും സേവനം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ തേടേണ്ടതും ജില്ലാ കളക്ടർമാരും ജില്ലാ പോലീസ് മേധാവികളും ഇതിനാവശ്യമായ എല്ലാ സുരക്ഷാ ക്രമീകരണങ്ങളും ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ചീഫ് സെക്രട്ടറി, കേരള
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും (സിറ്റി /റൂറൽ)(സംസ്ഥാന പോലീസ് മേധാവി മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി (ആർസി2/315/2021/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

നം.ആർ.സി2/315/2021/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്,
ഇ-മെയിൽ: lsgdrc15@gmail.com
ഫോൺ: 0471 - 2518630
തിരുവനന്തപുരം, തീയതി, 05/07/2022

## സർക്കുലർ

വിഷയം: തസ്വഭവ - സംസ്ഥാനത്തെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങളും തോരണങ്ങളും കൊടിക്കൂറകളും നീക്കം ചെയ്യൽ - WP(C) 1671/2021 നമ്പർ കേസിന്മേൽ ബഹു.ഹൈക്കോടതിയുടെ 02-06-2022 ലെ ഇടക്കാല വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന അധിക മാർഗ്ഗനിർദ്ദേശം - സംബന്ധിച്ച്.

സൂചന: 1) തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ച 06-05-22 തീയ്യതിയിലെ ആർ.സി 2/315/2021/തസ്വഭവ നമ്പർ സർക്കുലർ.
2) WP(C) 1671/2021 നമ്പർ ഹർജിയിന്മേൽ 02-06-2022 തീയതിയിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

******************************

സംസ്ഥാനത്തെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങളും തോരണങ്ങളും സ്ഥാപിക്കുന്നത് / നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സൂചന (1) പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിൽ സംസ്ഥാനത്തെ പാതയോരങ്ങളിൽ കാൽനടയാത്രക്കാർ ഗതാഗതത്തിനായി ഉപയോഗിച്ചുവരുന്ന ഫുട്ട് പാത്തുകളിലെ കൈവരികളിലും, അതോടൊപ്പംതന്നെ ട്രാഫിക് ഐലൻഡുകളിലും /മീഡിയനുകളിലും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങളും തോരണങ്ങളും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക പരാമർശമുൾപ്പെടുത്തി അധിക മാർഗ്ഗനിർദേശം പുറപ്പെടുവിക്കാൻ ബഹു ഹൈക്കോടതി സൂചന (2) പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, സംസ്ഥാനത്തെ പാതയോരങ്ങളിലും കാൽനടയാത്രക്കാർ ഗതാഗതത്തിനായി ഉപയോഗിച്ചുവരുന്ന ഫുട്ട് പാത്തുകളിലെ കൈവരികളിലും കാൽനടയാത്രക്കാർക്ക് മാർഗ്ഗതടസ്സമുണ്ടാക്കുന്ന രീതിയിലും, അതോടൊപ്പംതന്നെ വാഹനയാത്രികരുടെ കാഴ്ച മറയും വിധം ട്രാഫിക് ഐലൻഡുകളിലും സെന്റർ മീഡിയനുകളിലും സ്ഥാപിച്ചിട്ടുള്ള എല്ലാ കൊടിമരങ്ങളും തോരണങ്ങളും കൊടിക്കൂറകളും അടിയന്തിരമായി നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് തർക്ക വിഷയം ഉടലെടുക്കുന്ന വേളയിൽ സൂചന (1) പ്രകാരം പുറപ്പെടുവിച്ച സർക്കുലറിലെ ഖണ്ഡിക 7-ൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരമുള്ള നടപടിക്രമങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്.

മേൽ അധിക മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സൂചന(1) പ്രകാരം പുറപ്പെടുവിച്ച സർക്കുലർ പരിഷ്കരിക്കരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
ചീഫ് സെക്രട്ടറി, കേരള
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും (സിറ്റി / റൂറൽ) [Through State Police Chief]
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി.2/315/2021/ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

I/5375543/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ആർ.സി2/315/2021/തസ്വഭവ
തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്,
ഇ-മെയിൽ: lsgdrc15@gmail.com
ഫോൺ: 0471 - 2518630
തിരുവനന്തപുരം,
തീയതി: 02-08-2022

## സർക്കുലർ

വിഷയം:- തസ്വഭവ-സംസ്ഥാനത്തെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടിതോരണങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി WP(C)No.22750/2018, WP(C)No.25784/2018, WP(C)No. 42574/2018 & WP(C)No.27642/2021 എന്നീ റിട്ട് ഹർജികളിൽ 22.03.2022 തീയതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശം - സംബന്ധിച്ച്.

സൂചന:- 1) WP(C)1671/2021 നമ്പർ ഹർജിയിന്മേൽ 02.12.2021 തീയതിയിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

2) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20.03.2022-ൽ കൂടിയ സർവ്വകക്ഷിയോഗ തീരുമാനം.

3) WP(C)No.22750/2018, WP(C)No.25784/2018, WP(C)No. 42574/2018 & WP(C)No.27642/2021 എന്നീ റിട്ട് ഹർജികളിന്മേൽ 22.03.2022 തീയതിയിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

4) WP(C)1671/2021 നമ്പർ ഹർജിയിന്മേൽ 22.06.2022 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്.

5) 06.05.2022, 05.07.2022 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

6) WP(C)1671/2021 നമ്പർ ഹർജിയിന്മേൽ 07.07.2022 തീയതിയിലെ ഇടക്കാല ഉത്തരവ്.

**********************

സംസ്ഥാനത്തെ പാതയോരങ്ങളിലും കാൽനട യാത്രക്കാർ ഗതാഗതത്തിനുപയോഗിക്കുന്ന ഫുട്പാത്ത് ഏരിയ, ഹാൻഡ് റെയിലുകൾ എന്നിവിടങ്ങളിലും റോഡുകളുടെ സെന്റർ മീഡിയൻ, ട്രാഫിക് ഐലന്റ് എന്നിവിടങ്ങളിലും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങൾ, തോരണങ്ങൾ, കൊടിക്കൂറകൾ, ഫ്ലക്സുകൾ, പരസ്യ ബോർഡുകൾ എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച് സൂചന (3), (4) -ലെ ബഹു. ഹൈക്കോടതി നിർദ്ദേശാനുസരണം സർക്കാർ സൂചന (5) പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

സൂചന (6)-ലെ ബഹു. കോടതി നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന

സെക്രട്ടറിമാർ കർശനമായി പാലിക്കേണ്ട താഴെ പറയുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2007-ലെ കേരളാ റോഡ് സേഫ്റ്റി അതോറിറ്റി ആക്ടിലെ സെക്ഷൻ 14 പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്- അതായത് സംസ്ഥാനത്തെ പാതയോരങ്ങൾ, റോഡുകളുടെ സെന്റർ മീഡിയൻ, ട്രാഫിക് ഐലന്റ് എന്നിവിടങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ളതും വാഹനഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നതും ഡ്രൈവർമാരുടെ ഏകാഗ്രതയും കാഴ്ചയും തടസ്സപ്പെടുത്തുന്നതും അപകടകാരണങ്ങളാകുന്നവയുമായ കമാനങ്ങൾ, കൊടിതോരണങ്ങൾ, പ്രദർശന ബോർഡുകൾ, ഫ്ലക്സുകൾ, കൊടിമരങ്ങൾ എന്നിവ നീക്കം ചെയ്യേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്ഷൻ ഓഫീസർ.

അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ടു ചീഫ് സെക്രട്ടറി, കേരള
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്..
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സി. എ
റവന്യൂ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും (സിറ്റി / റൂറൽ)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
കമ്മീഷണർ, കേരളാ റോഡ് സേഫ്റ്റി അതോറിറ്റി, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി.2/315/2021/ത.സ്വ.ഭ.വ.).

സെക്രട്ടറിമാർ കർശനമായി പാലിക്കേണ്ട താഴെ പറയുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2007-ലെ കേരളാ റോഡ് സേഫ്റ്റി അതോറിറ്റി ആക്ടിലെ സെക്ഷൻ 14 പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്- അതായത് സംസ്ഥാനത്തെ പാതയോരങ്ങൾ, റോഡുകളുടെ സെന്റർ മീഡിയൻ, ട്രാഫിക് ഐലന്റ് എന്നിവിടങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ളതും വാഹനഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നതും ഡ്രൈവർമാരുടെ ഏകാഗ്രതയും കാഴ്ചയും തടസ്സപ്പെടുത്തുന്നതും അപകടകാരണങ്ങളാകുന്നവയുമായ കമാനങ്ങൾ, കൊടിതോരണങ്ങൾ, പ്രദർശന ബോർഡുകൾ, ഫ്ലക്സുകൾ, കൊടിമരങ്ങൾ എന്നിവ നീക്കം ചെയ്യേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്ഷൻ ഓഫീസർ.

അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ടു ചീഫ് സെക്രട്ടറി, കേരള
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സി. എ
റവന്യൂ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും (സിറ്റി / റൂറൽ)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
കമ്മീഷണർ, കേരളാ റോഡ് സേഫ്റ്റി അതോറിറ്റി, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി.2/315/2021/ത.സ്വ.ഭ.വ.).